# ഇലകൾ

എം. പി. പ്രതീഷ്



ഇലകൾ

എം. പി. പ്രതീഷ്
(മലയാളം: കവിത)

© 2025, M. P. Pratheesh

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Photograph by M. P. Pratheesh.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 ഇലകൾ . . . . . . . . . . . . . . . . 4

2 പുറന്തൊലി. . . . . . . . . . . . . . 5

3 വാക്കുകൾ . . . . . . . . . . . . . 6

4 ചെറിയ കടലാസുപെട്ടിയിൽ 7

5 വെളിച്ചത്തിന്നാണ്ടുകൾ . . . 8

6 കട്ടപിടിച്ച . . . . . . . . . . . . . . . 9

7 ഓരോ നാഴികയിലും. . . . . . 10

8 ഒരു ചതുരയടി മണ്ണ് . . . . . . 11

9 കരകൾ. . . . . . . . . . . . . . . . . 12

10 ഒരു കല്ലിന്റെയുള്ളിൽ... . . . 13

11 ഓരോ പച്ചിലയിലും . . . . . . 14

12 കുളത്തിന്റെ അടിത്തട്ട് . . . . 15

13 പാറ്റയുടെ രണ്ടു ചിറകിലും. . 16

14 ചന്ദ്രനിൽ വളരുന്ന . . . . . . . 17

15 പ്രാർത്ഥനാമുറി. . . . . . . . . . 18

16 കരയിൽ . . . . . . . . . . . . . . . . 19

17 പൊത്തുകൾ . . . . . . . . . . . . 20

18 ദേശാടനങ്ങൾ . . . . . . . . . . 21

19 കിളികളെല്ലാം. . . . . . . . . . . 22

20 വെള്ളത്തിൽനിന്ന്. . . . . . . 23

## 1

# ഇലകൾ

കുനിഞ്ഞ്
ഇല പെറുക്കുന്നു.
പഴുത്ത, നിറം പകർന്ന, ഉണങ്ങിയ ഇലകൾ.

ആയിരം ചില്ലകളും പേരുകളും കാലങ്ങളും
ഓർമ്മിച്ചു വെയ്ക്കുന്നു.

പുഴുക്കളെപ്പോലെ മരങ്ങളിൽ
തൊട്ടുനോക്കുന്നു.

എന്റെ മരണം
വേറെ ദിക്കിലിരുന്ന് കേൾക്കയാണ്,
അടരുന്നതിന്റെ ഈ സ്വരം.

# 2

# പുറന്തൊലി

പാമ്പുകൾപോലെ തമ്മിൽപ്പിണഞ്ഞു.
പാമ്പുകൾപോലെ ചുരുണ്ടുകിടന്നു.
പകലുകൾക്കു കുറുകേ വേഗത്തിൽ.
മുള്ളുകളിൽക്കോറിയഴിച്ചു വെയ്ക്കുന്നു,
ശബ്ദങ്ങളുടെ കനംകുറഞ്ഞ പുറന്തൊലി.

# 3
## വാക്കുകൾ

ഇരുട്ടിൽ ചെന്നുനിന്നു. കാടിനുള്ളിൽ. അന
ക്കമില്ലാത്ത മരങ്ങളിൽ, ഉയരങ്ങളിൽ ഒരു
കാറ്റ്. അടരാൻ തിടുക്കപ്പെടുന്ന ശബ്ദങ്ങൾ.
ഇലകൾക്കു പിറകേ ഇലകൾ. വീഴുകയും കുട്ടി
യുരുമ്മുകയും പൊടിയുകയും ചെയ്യുന്നു. എല്ലാ
ത്തിന്റേയും കണക്കുകൾ മണ്ണിൽ എഴുതി വെ
ക്കുന്നു. കാറ്റിന്റെ വേഗതയും ചൂടും ദിക്കുകളും
രേഖപ്പെടുത്തുന്നു. ചില്ലകളിൽ ചെറിയചെറിയ
വിടവുകൾ. വലിപ്പമില്ലാത്ത ആകാശത്തിരു
ളിൽ പൊട്ടിയ ചന്ദ്രൻ. മങ്ങിയ വെളിച്ചത്തരി
കൾ. നിഗൂഢമായി നീങ്ങുന്ന ഗ്രഹങ്ങൾ. പു
കമഞ്ഞിൻ തടാകങ്ങൾ. ഒരിടത്ത് മരിച്ചുപോ
യവരുടെ വിടവുകളിൽ ചുറ്റിനടക്കുമ്പോൾ
സ്ഥലങ്ങളും വാക്കുകളും അനങ്ങുന്ന വിരലുക
ളും തുറന്നടയുന്ന ചുണ്ടുകളും ഓർമ്മ വരുന്നതു
പോലെയാണ്. ആ വിടവുകളിലാണ് ജീവിച്ചി
രിക്കുന്നത്. രഹസ്യങ്ങളും വഴുതുന്ന മീനുകളും.
മറ്റൊരു കാറ്റുകൂടി വന്നു. പൊട്ടിവീഴുന്ന ഇല
കൾക്കു താഴത്ത് ഞാൻ. എന്റെ കൈകളിൽ
നിന്ന് ഊർന്നുപോകുന്ന വാക്കുകൾ.

# 4
# ചെറിയ കടലാസുപെട്ടിയിൽ

ചെറിയ കടലാസുപെട്ടിയിൽ
ഇറക്കി വെക്കുമ്പോൾ
പക്ഷിയെ

ജീവനുള്ള കല്ലുകളെപ്പോലെ ഓർമ
കട്ടികൂടുന്നു
കനംവയ്ക്കുന്നു

മടങ്ങാത്ത ചിറകും കാലും
ഒടിയാത്ത വൃക്ഷത്തലപ്പുകളും

മീതെയും താഴെയും നാലുപുറവും
കടലാസിന്റെ തണുത്ത ദിക്കുകളിൽ

കൂടുതൽ
സുരക്ഷിതമാണ്
ആയുഷ്കാലങ്ങൾ.

## 5

# വെളിച്ചത്തിന്നാണ്ടുകൾ

എനിക്കുമീതെ വന്നുവീണു, വെളിച്ചം
മറ്റൊരു ഗ്രഹത്തിന്റെ നിശ്ശബ്ദതയും വഹിച്ച്
ഒരു കല്ല്
ഞാനതു തൊട്ടു
ഉരുകുന്നതായ്തോന്നി
അതുരുകി
എന്നിട്ട് എന്റെ കൈയിൽ നിന്നൂർന്നുപോയി
വെളിച്ചം കൊണ്ടുള്ള
ഒരു മീന്

## 6

# കട്ടപിടിച്ച

വെള്ളത്തിൽ
കട്ടപിടിച്ച ചോരയുടെ നിറത്തിൽ
ഒരു പെണ്ണ്

ദ്രവിച്ച ചുമരുകൾ അവളുടെ തൊലി
പകുതിയടച്ച മുറിവുകൾ ജനലുകൾ
ചുഴലിക്കാറ്റിന്നീർപ്പം കണ്ണുകൾ
തരിതരിയുപ്പ്

അരക്കെട്ടിലെ മുടിയിഴ കോതുമ്പോൾക്കണ്ടു
ഒരു ഭ്രൂണം
അതിന്റെ വായ്
കട്ടപിടിച്ച മഷിനീലം

## — 7 —

# ഓരോ നാഴികയിലും

പതിമൂന്നാമത്തെ രാത്രിയും
ഞാൻ ആ വേട്ടക്കാരനെ
നോക്കിനിന്നു,
ഒരേ സ്ഥാനത്ത്,
ഒരേ നേരത്ത്

ആദ്യം ഞാറയുടെ
കിഴക്കേച്ചില്ലകൾക്കിടയിൽ
പിന്നെ തെങ്ങുകൾക്കിടയിൽ
അവസാനം പടിഞ്ഞാറേ
ചെരുവിലെവിടെയോ
മായുന്ന കൈകളിൽ വില്ല്, മൂർച്ചയുള്ള അമ്പ്,
അരയിൽ മൂന്ന് തീക്കട്ടകൾ

ഓരോ നാഴികയിലും
നീങ്ങിനീങ്ങിപ്പോവുന്ന
ഭൂമിയുടെ ചെരിഞ്ഞ ഒരു താരയിൽ,

പൊടിയും മഞ്ഞുമുറഞ്ഞ
ഒരു കിളിയെപ്പോലെ,

അനന്തമായ ഓളങ്ങളുടെ വക്കിൽ
ഇല്ലാത്ത ഒരാളുടെ
ഓർമ്മപ്പൊടിപോലെത്തങ്ങിനിന്നു ഞാൻ

# 8

## ഒരു ചതുരയടി മണ്ണ്

ഏറ്റവും മുകളിൽ ഒരു കാറ്റിന്റെ ചീള്.
അതിനു താഴെ ഇന്നലത്തെ കരിയിലകൾ.
ഒരു മാസം മുമ്പത്തെ ചുള്ളിക്കമ്പുകൾ.
കഴിഞ്ഞ കാലവർഷം മുഴുവനും.
ഒച്ചിന്റെ തോടുകളും തേരട്ടകളുടെ
അനന്തമായ ഉടൽച്ചുറ്റുകളും.
താഴെ വേനൽക്കാലങ്ങൾ.
കടപുഴകിയ ഒരു വൃക്ഷം.

പനയോലകൾ.
ചകിരിനാരുകൾ.
അതിനു മുമ്പത്തെയിലകൾ.
അതിനു മുമ്പത്തെ മഴക്കാലം.
അതിലേറെ പ്രായമുള്ള ഒരു പൂച്ചയുടെ
കനംകുറഞ്ഞ എല്ലുകൾ.
പൊട്ടിയ ഇഷ്ടിക.

കുറേക്കൂടി വയസ്സായ ഇരുൾ.
അല്പം കൂടി പ്രായമായ വെള്ളം.
പിന്നെയും പഴയ മരങ്ങളുടെയിലകൾ.
അതിലേറെക്കാലം ചെന്ന മൃഗങ്ങൾ.
പറവകൾ.
പൊടിപൊടിയായി മണ്ണ്.
അതിന്റെ കരിനിറം.
അതിന്നടിയിൽ
ഇന്നു പൊഴിഞ്ഞ ഇലകളുടെ
ഞരമ്പുപടലങ്ങൾ.
പുഴുകൊത്തിയ സുഷിരങ്ങൾ.
കടന്നു പോന്ന വെയിൽ,
ഏറ്റവും താഴത്ത്
എന്റെ മുഖത്ത് പുള്ളികുത്തുന്നു.

# 9

## കരകൾ

ഒരു ചെറുമീൻ കൽപ്പടവിലേയ്ക്ക് കയറിവന്നു
അതിന്റെയുടലിൽ പുള്ളികളുണ്ടായിരുന്നു
മകൾ വെള്ളത്തിലേയ്ക്കിറങ്ങി
അവളുടെയുടലിൽ മേഘങ്ങളുണ്ടായിരുന്നു
മേഘവും മീനും മനുഷ്യനും
വെള്ളത്തിൽക്കലരുന്നത്
നോക്കിനോക്കിനിന്നു, കരയിൽ.

# 10

# ഒരു കല്ലിന്റെയുള്ളിൽ എന്താണുള്ളത്?

ഒരു കല്ലിന്റെയുള്ളിൽ എന്താണുള്ളത്?

ചിറകും കണ്ണും പൂട്ടിയിരിക്കുന്ന,
നീരിൽക്കുതിർന്ന്,

ഭൂമിയിലെ ആദ്യത്തെ-
പ്പറവ

# 11

## ഓരോ പച്ചിലയിലും

മരിച്ച നക്ഷത്രങ്ങളുടെ വെളിച്ചം വന്നുവീഴുന്ന
ഓരോ പച്ചിലയിലും
നിഴലിന്റെ പുള്ളികുത്തുന്നു

# 12

# കുളത്തിന്റെ അടിത്തട്ട്

കുളത്തിന്റെ അടിത്തട്ട്.
മരിച്ച ഗ്രഹങ്ങൾ വീണുകിടന്നു.
പതുക്കെയാണ് പായൽ വളരുന്നത്.
ആ വെള്ളം കാൽത്തണ്ടയിൽത്തൊടുമ്പോൾ
എനിക്ക് മനുഷ്യരെ ഓർമവന്നു.

# 13

## പാറ്റയുടെ രണ്ടു ചിറകിലും

പാറ്റയുടെ രണ്ടു ചിറകിലും
ആ മണമുണ്ട്.
വേനലിൽ പുല്ലണങ്ങുന്നത്.
കാട്ടുതീ മെല്ലെ നീറിയണയുന്നത്.
എല്ലാ വീടുകൾക്കും മേലെ
അത് പാറിവന്നിരിക്കുന്നു, കുറേക്കാലം.

## 14

# ചന്ദ്രനിൽ വളരുന്ന

ചന്ദ്രനിൽ വളരുന്ന കലമാൻ. മരങ്ങളിലും
പാർപ്പിടങ്ങളിലും പാറക്കെട്ടുകളിലും തോടുക
ളിലും ഉരച്ചുരച്ച് അതിന്റെ കൊമ്പുകൾ പൊഴി
ച്ചിടുന്നത്
ഞാൻ കണ്ടിട്ടുണ്ട്.

## 15

# പ്രാർത്ഥനാമുറി

ഒരു പ്രാർത്ഥനാമുറി.
ഞാറയുടെ ചെറിയ മരം.

# 16

## കരയിൽ

എല്ലുകൾ വെള്ളത്തിൽക്കഴുകി
കരയിൽ, ഒരിടത്ത് വെച്ച് മണ്ണുമൂടിഉണങ്ങിയ
ഇലകൾ, ചുള്ളിക്കമ്പുകൾ മീതെവച്ചു
കാറ്റിന്റെ ഒച്ച താഴ്ന്നു
ഇത്രയും കാലം കൊണ്ട് നീയലിഞ്ഞുപോയത്
വളരെ നന്നായി
നിന്റെയിറച്ചിയും ചോരയും
കഴുകേണ്ടി വന്നില്ല
വെള്ളം അതേ തെളിമയിൽ
താഴേക്കൊഴുകുന്നു

# 17

## പൊത്തുകൾ

നത്തിന്നനക്കങ്ങൾ
കേൾക്കാത്തപോലെങ്ങാ,
നിരുട്ട കുമിഞ്ഞിട്ടു പൂട്ടിവച്ചു,
ഉണങ്ങിയ ചിറകുകൾ,
കൊക്കുരുമ്മി വേനലിൻ
വറ്റാത്ത മുലകളിൽ,
രാത്രിയുറക്കം വരാത്ത പനമ്പൊത്തിനുള്ളിൽ.

# 18

## ദേശാടനങ്ങൾ

എല്ലാ ശീതകാലവും
ആ മുറിയിൽനിന്ന് ഈ മുറിയിലേയ്ക്ക്
പൂമ്പാറ്റകൾ യാത്ര ചെയ്തു

## 19

# കിളികളെല്ലാം

തീയണഞ്ഞു തണുക്കുന്ന വിദൂരഗ്രഹത്തെ
ഞാൻ നോക്കിനിന്നു
മരപ്പൊത്തിൽ പാർക്കുന്ന കിളികളെല്ലാം
അതുതന്നെ ചെയ്യുന്നു.


## 20

# വെള്ളത്തിൽനിന്ന്

വെള്ളത്തിൽനിന്ന് കരയിൽ.
നനവാറ്റിത്തണുത്തു.
ചിറകുകളുണ്ടായി.
അവയീ പുസ്തകത്തിന്റെ രണ്ടു താളുകളിൽ
ഒട്ടിച്ചുവെച്ചിരിക്കുന്നു.

□

## എം. പി. പ്രതീഷ്



കവി. ആവിയന്ത്രം, മീൻ പാത, കവിതയുടെ പുസ്തകം, മണ്ണും വെള്ളവും, സങ്കടപ്പുസ്തകം, പിറവെള്ളം, ദേശാടനങ്ങൾ തുടങ്ങി ഏഴു കാവ്യസമാഹാരങ്ങൾ. ഇലകളും ചിറകുകളും, മുറിവുകളുടെയും ആനന്ദത്തിന്റെയും പുസ്തകം, വിത്തുമൂട, പാർപ്പിടങ്ങൾ എന്നിവ മറ്റു രചനകൾ.

## എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക

ഈ കൃതി കൊള്ളാമെന്ന് തോന്നിയാൽ ചുവടെ ചേർത്തിട്ടുള്ള ക്യൂ ആർ കോഡ് വഴി വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. ഇതിലൂടെ സ്വതന്ത്ര പ്രകാശനത്തിലേയ്ക്ക് കൂടുതൽ എഴുത്തുകാരെ ആകർഷിക്കുക. എഴുത്തുകാർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് സാമ്പത്തിക സഹായം നൽകി അറിവ് സ്വതന്ത്രമാക്കാൻ സഹായിക്കുക.

P Pratheesh mp

UPI ID: mppratheesh87-1@okhdfcbank

Scan to pay with any UPI app

### Download QR Code

കൂടുതൽ വിവരങ്ങൾ അടുത്ത താളിൽ (പിൻകുറിപ്പിൽ).


# പിൻകുറിപ്പ്

സായാഹ്ന എഴുത്തുകാർക്ക് പ്രതിഫലം നല്കുന്നുണ്ടോ എന്നത് പല വായനക്കാരും എഴുത്തുകാരും നിരന്തരം അന്വേഷിക്കുന്ന കാര്യമാണ്. ഇല്ല. ഒരു സ്വതന്ത്ര പ്രസാധന സംരംഭം എന്ന നിലയ്ക്ക് അതിനു കഴിയില്ല, അതു ശരിയുമല്ല എന്നാണ് സായാഹ്ന കരുതുന്നത്. എന്നാൽ, ഡിജിറ്റൽ കാലത്ത് നമുക്ക് മറ്റൊരു രീതി അവലംബിക്കാവുന്നതാണ്.


ഒരു കൃതി വായിച്ചുതീരുമ്പോൾ അതു കൊള്ളാമെന്നും ഇതെഴുതിയ ആൾക്ക് എന്തെങ്കിലും പ്രതിഫലം നല്കേണമെന്നും തോന്നിയാൽ അതേ കൃതിയിൽ കാണുന്ന ലിങ്ക് വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തുരൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്.

പകർപ്പവകാശം കഴിഞ്ഞ കൃതികളെ സംബന്ധിച്ച് ഈ തുക സായാഹ്നയുടെ അക്കൗണ്ടിലേക്കായിരിക്കും എത്തുക. അത് കൂടുതൽ കൃതികളുടെ ഡിജിറ്റൈസേഷന് വേണ്ടിയായിരിക്കും ചെലവഴിക്കുക.

കൃതിയോടൊപ്പമുള്ള ക്യൂ. ആർ. കോഡ് സ്കാൻ ചെയ്താൽ ഗൂഗ്ൾ പേ, ഭീംആപ്, തുടങ്ങിയ യുപിഐ ആപ്പുകൾ വഴി ഇഷ്ടാനുസരണം ഗ്രന്ഥകർത്താവിന് നേരിട്ട് പണം അയക്കാവുന്നതാണ്.




അതേ ഫോണിൽ നിന്നുതന്നെയാണ് പണം അയക്കേണ്ടതെങ്കിൽ ക്യൂആർകോഡിന്റെ സ്ക്രീൻഷോട്ടെടുത്ത് ഫോണിന്റെ ഗാലറിയിൽ ആണോ അത് സൂക്ഷിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുക. ഗൂഗ്ൾ പേ ആപ്പിൽ Scan any QR code എന്ന ഐക്കണിൽ അമർത്തിയാൽ ക്യൂആർ കോഡ് സ്കാൻ ചെയ്യാനുള്ള സ്ക്രീനിൽ വരുന്നു. അതിന്റെ താഴെ Upload from gallery എന്ന ഐക്കണിൽ തൊട്ട് ഗാലറിയിലുള്ള സ്ക്രീൻഷോട്ട് സെലക്ട് ചെയ്യുക. തുക ടൈപ്പ് ചെയ്ത് സാധാരണ മാതിരി പെയ്മെൻറ് നടത്താം.




സ്ക്രീൻഷോട്ടിനു പകരം ഇതേ കൃതിയോടൊപ്പം കൊടുക്കുന്ന ക്യൂആർകോഡിന്റെ ചിത്രം ഡൗൺലോഡ് ചെയ്യുകയും ആവാം.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014